**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 46** | **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. രാജൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. അജയപ്രസാദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** നവീന ആശയങ്ങളെയും നവസംരംഭങ്ങളെയും വാർത്തെടുക്കുന്ന സ്റ്റാർട്ടപ്പ് മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>**

**(ബി)** ആഗോളവിപണിയിൽ ആധിപത്യം സ്ഥാപിക്കാൻ ശേഷിയുള്ള ബിസിനസ് സ്റ്റാർട്ടപ്പുകൾ കേരളത്തിൽ വളർത്തിയെടുക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>**

**(സി)** സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കോർപ്പറേറ്റ് മേഖലയെ പരിചയപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും മുൻ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>**

**(ഡി)** ലോകോത്തര നിലവാരമുള്ള ഉൽപ്പന്നങ്ങൾ കേരളത്തിൽ വികസിപ്പിക്കാൻ സ്റ്റാർട്ടപ്പ് സംരംഭകർക്ക് ധനസഹായം നൽകുന്ന 'ബിൽഡ് ഇറ്റ് ബിഗ് ഫോർ ബില്യൺസ്'എന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്.

സ്റ്റാർട്ടപ്പ് സംരംഭകർക്കും ആശയദാതാക്കൾക്കും ലോകോത്തരനിലവാരമുള്ള ഉത്പന്നങ്ങൾ കേരളത്തിൽ നിന്ന് വികസിപ്പിക്കാനായുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായാണ് 'ബിൽഡ് ഇറ്റ് ബിഗ് ഫോർ ബില്യൺസ്' എന്ന രാജ്യവ്യാപക സ്റ്റാർട്ടപ്പ് സഹായപരിപാടിയ്ക്ക് കേരള സ്റ്റാർട്ടപ്പ്

മിഷൻ രൂപം നൽകിയത്. വ്യക്തമായ സ്റ്റാർട്ടപ്പ് പദ്ധതി, ഗവേഷണ പിൻബലമുള്ള ഉത്പന്ന മാതൃക എന്നിവ കൈമുതലായുള്ള സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് ഈ പരിപാടിയിലേക്ക് അപേക്ഷിക്കാം.

തെരഞ്ഞെടുക്കപ്പെട്ടാൽ ഒരു കോടി രൂപ വരെയുള്ള ധനസഹായം, രാജ്യത്തെ ഏറ്റവും ആധുനികമായ ലാബുകളിൽ അവസരം, നിക്ഷേപ അവസരങ്ങൾ, വിപണി പ്രവേശനത്തിനുള്ള അവസരം വിദഗ്ധോപദേശം, ഗവേഷണ സഹായം തുടങ്ങിയവ ലഭിക്കും.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പ്രാദേശിക ഉത്പാദനം വർധിപ്പിക്കുക, നൂതന സംരംഭങ്ങളെ ലോകവിപണിയിലേക്കെത്തിക്കുക എന്നീ പ്രാഥമികമായ ലക്ഷ്യങ്ങളാണ് ഈ പരിപാടിയ്ക്കുള്ളത്.

**സെക്ഷൻ ഓഫീസർ**